(സി) തിരുവനന്തപുരം മെഡിക്കൽകോളേജ് വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ചുചേർക്കാൻ സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) മെഡിക്കൽ കോളേജ് ഏരിയ ഡവലപ്പ്മെന്റ് പ്ലാൻ കാലാനുസൃത മായി പരിഷ്ക്കരിക്കുന്ന പ്രവൃത്തി മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ നടന്നു വരുന്നു. പദ്ധതിക്ക് അന്തിമരൂപം നൽകിയശേഷം മാത്രമേ ഇനിയും ഭൂമി ഏറ്റെടു ക്കേണ്ടതുണ്ടോ എന്ന് വ്യക്തമാകുകയുള്ളു.

(സി) ഈ കാര്യം പരിഗണിക്കുന്നതാണ്.

കേരളത്തിലേക്ക് കടത്തുന്ന ഹവാല പണം

76 [3127] ശ്രീ. മഞ്ഞളാംകുഴി അലി:

,, കോടിയേരി ബാലകൃഷ്ണൻ:

,, എ. കെ. ബാലൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് വൻതോതിൽ ഹവാലപണം കടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; അന്വേഷണത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 2005 മാർച്ച് 3-ന് കേരളത്തിലേക്ക് 237 കോടി രൂപയുടെ ഹവാല പണം കടത്തിയ സംഘത്തിലെ രണ്ടുപേരെ എൻഫോഴ്സ്മെന്റ് വിഭാഗം ചെന്നൈയിൽ അറസ്റ്റ്ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിലേക്ക് കടത്തിക്കൊണ്ടുവന്ന കോടിക്കണക്കിന് രൂപയുടെ ഹവാല പണത്തിന്റെ വിനിയോഗത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയി ട്ടുണ്ടോ; എങ്കിൽ എന്തുരീതിയിലുള്ള അന്വേഷണമാണ് നടത്തുന്നതെന്ന് വെളിപ്പെ ടുത്തുമോ;

(എഫ്) ഇതിനായി കേന്ദ്ര അന്വേഷണ വിഭാഗത്തിന്റെ സഹായം തേടിയി ട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. (ക്രൈം 474/സി. ആർ. 04)

1. അബ്ദുൾ കരീം (സൺ ഓഫ് ആവുണ്ണി മുസലിയാർ, വലിയ പറമ്പിൽ വീട്, ചാവക്കാട്, മണത്തല അംശം, പുന്നദേശം. 9-12-2004-ന് അറസ്റ്റ് ചെയ്തു).

2. ഷംസുദ്ദീൻ (ഷംസു അഥവാ തമ്പി) സൺ ഓഫ് താഹിർകുട്ടി, മങ്ങാടൻ പറമ്പത്ത് ഹൗസ്, ആനമങ്ങാട്, പെരിന്തൽമണ്ണ. (21-12-2004-ന് അറസ്റ്റ് ചെയ്തു.)

(ഡി) ഇല്ല.

(ഇ) ഉണ്ട്. ക്രൈം ബ്രാഞ്ചിൽ ക്രൈം നമ്പർ 313/സി. ആർ./ 03, 474/സി. ആർ./04 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(എഫ്) കേന്ദ്ര സാമ്പത്തിക കുറ്റാന്വേഷണ വിഭാഗമായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ സഹായം തേടിയിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ആഡിറ്റ് ശക്തിപ്പെടുത്താൻ നടപടി

77 [3128] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പെർഫൊമൻസ് ആഡിറ്റ് വിംഗിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ;

(സി) പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടുകളിന്മൽ പഞ്ചായത്തുകൾ യഥാസമയം നടപടികളെടുക്കുന്നുണ്ടോ;

(ഡി) 9/04 വരെയുള്ള കാലത്തെ റിപ്പോർട്ടുകളിൻമേൽ എത്ര പഞ്ചായത്തുകൾ ആദ്യം മറുപടി നൽകി;

(ഇ) പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കാത്ത പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി അവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള പെർഫോമൻസ് ആഡിറ്റുവിംഗിന് മൂന്നും നാലും തവണ പരിശീലനം നൽകിയിട്ടുണ്ട്. അടുത്തഘട്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പല പഞ്ചായത്തുകളും യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly